പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5609

29.07.2015 ലെ മറുപടിയ്ക്ക്

**ജനങ്ങളെ ശാസ്ത്രബോധമുള്ളവരാക്കി ചൂഷണങ്ങളിൽ നിന്നും രക്ഷിക്കാനുള്ള നടപടികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി)** |
| (എ) ജനങ്ങളെ ശാസ്ത്രബോധമുള്ളവരാക്കാനും അജ്ഞതമൂലമുള്ള ചൂഷണങ്ങളിൽ നിന്നും അവരെ രക്ഷിക്കാനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ; | (എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഈ സർക്കാർ കാലയളവിൽ ജനങ്ങളുടെ അജ്ഞതയും ശാസ്ത്രബോധ മില്ലായ്മയും മുതലെടുത്ത് രജിസ്റ്റർ ചെയ്യപ്പെട്ട തട്ടിപ്പ് കേസുകൾ എത്രയാണെന്ന് പറയാമോ; ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കുവാൻ എന്ത് നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കുമോ ? | (ബി) 37 കേസുകൾ. ഇത്തരം കേസുകളെ സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിലുള്ള തട്ടിപ്പുകളിൽ വീഴാതിരിക്കാനായി ജനമൈത്രി ബീറ്റ് ഓഫീസർമാർ മുഖാന്തിരവും അല്ലാതെയും ജനങ്ങളെ ബോധവത്കരിക്കുന്നുണ്ട്. കൂടാതെ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറവിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ലോക്കൽ പോലീസും രഹസ്യാന്വേഷണ പോലീസും ഷാഡോ പോലീസും നിരീക്ഷണങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### (i) വനിതാ ശാസ്ത്ര സെൽ നടത്തിവരുന്ന പദ്ധതികളും പരിപാടികളും

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലെ വനിതാ ശാസ്ത്ര സെൽ ശാസ്ത്ര സാങ്കേതിക രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുവാനും സ്ത്രീകളെ ശാസ്ത്ര ഗവേഷണ രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുവാനും വേണ്ടി പലവിധ പദ്ധതികളും പരിപാടികളും നടത്തിവരുന്നു. ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

#### 1. "ബാക്-ടു ലാബ്" പദ്ധതി

ഗവേഷണ ബിരുദധാരികളും തൊഴിൽരഹിതരും കുടുംബപരമായ കാരണങ്ങളാൽ ശാസ്ത്ര ഗവേഷണ രംഗത്ത് നിന്നും വിട്ടു നിൽക്കേണ്ടി വന്നവരുമായ വനിതകളെ ശാസ്ത്ര ഗവേഷണ രംഗത്തേയ്ക്ക് മടക്കികൊണ്ടുവരുക എന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പാക്കുന്ന ഗവേഷണ ഫേലോഷിപ്പ് പദ്ധതിയാണ് ബാക്-ടു-ലാബ്.

#### 2.ഏകദിന ബോധവത്കരണ പരിപാടി- സാമ്പത്തിക സഹായം

സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങൾക്കുള്ള പങ്ക് എന്ന വിഷയത്തിൽ ഏകദിന ബോധവത്കരണ പരിപാടി നടത്തുന്നതിന് ശാസ്ത്ര ഗവേഷകർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

#### 3. വനിതാ ശാസ്ത്രജ്ഞർക്ക് വേണ്ടിയുള്ള വ്യക്തിത്വവികസന പരിപാടി

ശാസ്ത്ര സാങ്കേതിക വിജ്ഞാനത്തിനുപരിയായി ഓരോ വ്യക്തിയും അനുഷ്ഠിക്കേണ്ട ചില അടിസ്ഥാന വ്യക്തിത്വ വികാസ കഴിവുകൾ പ്രതിപാദിക്കുന്ന ഈ പരിപാടി വനിതാ ശാസ്ത്രജ്ഞർക്കു വേണ്ടി കൗൺസിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിവരുന്നു. ശാസ്ത്ര സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾക്കാണ് ഇതിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നത്.

#### 4. കേരളത്തിലെ വനിതാ ശാസ്ത്രജ്ഞരുടെ വിവര ശേഖരണം

കൗൺസിലിലെ വനിതാശാസ്ത്ര സെൽ കേരളത്തിലെ വനിതാ ശാസ്ത്രജ്ഞരുടെ ഒരു 'ഡേറ്റാ-ബേയ്സ്' തയ്യാറാക്കി വരുന്നു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വനിതകളുടെ പ്രാതിനിധ്യ നിലവാരം മനസിലാക്കുന്നതിനും ഭാവിയിൽ വനിതാ ശാസ്ത്രജ്ഞരുടെ ഉന്നമനത്തിന് വേണ്ടിയുള്ള പദ്ധതികളും മാർഗനിർദ്ദേശങ്ങളും ആവിഷ്കരിക്കുന്നതിനും ഈ ഡേറ്റ-ബേയ്സ് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

മുകളിൽ പറഞ്ഞ പദ്ധതികൾക്ക് പുറമേ വിവിധ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് മുൻ നിർത്തി വിവിധ ശില്പശാലകളും സെമിനാറുകളും വനിതാ ശാസ്ത്രസെൽ

ആവിഷ്കരിച്ചുപോരുന്നു. ഇത്തരം പദ്ധതികൾ പെൺകുട്ടികളെ ശാസ്ത്ര സാങ്കേതിക രംഗങ്ങളിലേക്ക് കൂടുതൽ ആകർഷിക്കുവാനും, ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വനിതാ ശാസ്ത്രജ്ഞർക്ക് അവരവരുടെ ശാസ്ത്ര മേഖലകളിൽ കൂടുതൽ കഴിവുകൾ തെളിയിക്കാനും ഉതകുന്നവയാണ്.

5. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നില്ക്കുന്ന വനിതകൾക്ക് ശാസ്ത്ര സാങ്കേതിക മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകുകയും അതുവഴി അവർക്ക് ഒരു ഉപജീവനമാർഗവും സാമ്പത്തിക ഭദ്രതയും നേടികൊടുക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി തുടങ്ങിയ പദ്ധതിയാണ് തൊഴിലധിഷ്ഠിത പുനരധിവാസ പരിശീലന പരിപാടി.

*6. പ്രതിഭ സ്കോളർഷിപ്പ്*

ഹയർസെക്കണ്ടറി പരീക്ഷ മികച്ച നിലയിൽ വിജയിച്ച് ശാസ്ത്രവിഷയങ്ങളിൽ ഉന്നതബിരുദപഠനത്തിന് പ്രവേശനം ലഭിച്ച മിടുക്കരായ വിദ്യാർത്ഥികൾക്ക് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നൽകിവരുന്ന സ്കോളർഷിപ്പ് പദ്ധതിയാണ് പ്രതിഭാ സ്കോളർഷിപ്പ്. ഹയർ സെക്കന്ററി തലത്തിൽ എല്ലാ വിഷയങ്ങൾക്കും കുറഞ്ഞത് 90% ശതമാനം മാർക്കും ശാസ്ത്രവിഷയങ്ങളിൽ 95% ശതമാനം മാർക്കും ലഭിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹത.

7. സ്പീഡ്

പ്രതിഭാ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് വിവിധ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കുവാനുള്ള പരിശീലനം നൽകുന്നതാണ് ഈ പദ്ധതി.

***(ii) ജനങ്ങളിൽ ശാസ്ത്ര രംഗത്തുള്ള അഭിരുചിയും അവബോധവും വർദ്ധിപ്പിക്കുന്നതിനായി സയൻസ് എഡ്യൂക്കേഷൻ ഡിവിഷന്റെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.***

1. ശാസ്ത്രപോഷിണി സ്കീം – ഹൈസ്കൂൾ തലത്തിൽ ശാസ്ത്ര ലാബോറട്ടികൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതി.

2. നർച്ചറിംഗ് എക്സലെൻസ് ഇൻ സയൻസ് ടീച്ചിംഗ് – ശാസ്ത്ര അദ്ധ്യാപനം, കൂടുതൽ മികവുറ്റതാക്കുന്നതിന് വേണ്ടിയുള്ള പദ്ധതി.

3. സ്കീം ഫോർ പ്രമോട്ടിംഗ് യംഗ് ടാലന്റ്സ് ഇൻ സയൻസ് – സ്റ്റാൻഡേർഡ് 7 മുതൽ 9 വരെയുള്ള സ്കൂൾ കുട്ടികൾക്കും പോളിടെക്നിക്ക്,ബിരുദ വിദ്യാർത്ഥികൾക്കും നവീനമായ സയൻസ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

4.സ്റ്റുഡൻസ് പ്രോജക്ട് – ബിരുദാനന്തര കോഴ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പ്രോജക്ടുകൾ ചെയ്യുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി.

5. നാഷണൽ സയൻസ് ഡേ – ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷങ്ങളിലും നടപ്പിലാക്കി വരുന്ന പദ്ധതി. ഇതിൻ പ്രകാരം എല്ലാ വർഷവും സെമിനാറുകൾ, ചർച്ചകൾ മുതാലയവ സംഘടിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗീകൃത എൻ.ജി.ഒകൾക്കും ധനസഹായം നൽകിവരുന്നു.

6. 2015 അന്താരാഷ്ട്ര പ്രകാശ വർഷം – 2015 അന്താരാഷ്ട്ര പ്രകാശ വർഷമായി യു. എൻ. പ്രഖ്യാപിച്ചിട്ടുണ്ട്. അതിൻ പ്രകാരം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വിവിധ പദ്ധതികൾ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

*(iii) ജനങ്ങളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും കേരളത്തിന്റെ തനതു വികസനവും വളർച്ചയും ത്വരിതപ്പെടുത്തുന്നതിനുമായി ടെക്നോളജി ഡവലപ്പ്മെന്റ് ആന്റ് പ്രോജക്ട് മാനേജ്മെന്റ് ഡിവിഷൻ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.*

1. ശാസ്ത്ര പ്രചാരണ പദ്ധതികൾ – ശാസ്ത്ര സാങ്കേതിക സംബന്ധിയായ പ്രവർത്തനങ്ങൾ ജനകീയ വൽക്കരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പദ്ധതി. ഊർജ്ജസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, പ്രകൃതിവിഭവ സംരക്ഷണം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ജനങ്ങളിൽ ശാസ്ത്രാവബോധം പതിപ്പിക്കാൻ കഴിയുന്ന ശാസ്ത്ര പ്രചാരണ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

2. ശാസ്ത്ര സെമിനാർ/ സിമ്പോസിയം/ ശിൽപശാല എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം – ശാസ്ത്ര സങ്കേതിക പരിസ്ഥിതി മേഖലയിലെ ആധുനിക വിഷയങ്ങളെ ആസ്പദമാക്കി സെമിനാർ ശിൽപശാല എന്നിവ സംഘടിപ്പിക്കുന്നതിനു വേണ്ടി ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. സർക്കാർ സ്ഥാപനങ്ങൾ/ വിഭാഗങ്ങൾ /സർവകലാശാലകൾ/ ഗവേഷണ സ്ഥാപനങ്ങൾ/ സർക്കാർ അഥവാ എയ്ഡഡ് സ്കൂളുകൾ/ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

3. ശാസ്ത്ര സാഹിത്യ അവാർഡുകൾ – മലയാള ഭാഷയിലൂടെ ശാസ്ത്രവിഷയങ്ങളെ ജനകീയ വൽക്കരിക്കുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികളെ അംഗീകരിക്കുന്നതിന് വേണ്ടി ശാസ്ത്ര സാഹിത്യ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മലയാള ഭാഷയിലെ ശാസ്ത്ര ഗ്രന്ഥങ്ങൾ, ശാസ്ത്ര ലേഖനങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും തദ്വാര വിഷയങ്ങളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും, ജനങ്ങളിലെ അജ്ഞത/ അന്ധവിശ്വാസം എന്നിവ തുടച്ചുമാറ്റുന്നതിനും സഹായകമായ പദ്ധതിയാണിത്.

സെക്ഷൻ ഓഫീസർ